കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലേയ്ക്ക് ഡെപ്യൂട്ടേഷൻ

150 (4732) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രൈവറ്റ് ലിമിറ്റഡിൽനിന്നും കേരള ആട്ടോ മൊബൈൽ ലിമിറ്റഡിൽനിന്നും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലേക്ക് എത്ര പേരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് ;

(ബി) ഇപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചവരെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലേക്ക് അബ്സോർബ് ചെയ്യാൻ കെ.എസ്.ഐ.ഇ. ഡയറക്ടർ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരം അബ്സോർബ് ചെയ്യുന്നതിന് തീരുമാനം എടുത്ത തസ്തികകൾ സർക്കാർ അംഗീകരിച്ച തസ്തികകൾ ആണെങ്കിൽ ആയതിന്റെ ഉത്തരവ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽനിന്നും ഒരാളെയും കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽനിന്നും നാലുപേരെയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽനിന്നുള്ള ജീവനക്കാരനെ എക്സിക്യൂട്ടീവ് പോസ്റ്റിലേയ്ക്ക് അബ്സോർബ് ചെയ്യുന്നതിന് 213-ാം ബോർഡ് മീറ്റിംഗ് തീരുമാനമെടുത്തിട്ടുണ്ട്. 214-ാം ബോർഡ് മീറ്റിംഗിൽ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡിൽനിന്നുള്ള ഒരാളെ ഡെപ്യൂട്ടി ജനറൽ മാനേജർ (TACT) ആയി അബ്സോർബ് ചെയ്യുന്നതിനുവേണ്ടിയും തീരുമാനമെടുത്തിട്ടുണ്ട്. 219-ാം ബോർഡ് മീറ്റിംഗിൽ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽനിന്നുള്ള മറ്റ് രണ്ട് പേരിൽ ഒരു ജീവനക്കാരനെ അസിസ്റ്റന്റ് ജനറൽ മാനേജർ (A&HR) ആയും മറ്റൊരു ജീവനക്കാരനെ എക്സിക്യൂട്ടീവ് (CACC) ആയും അബ്സോർബ് ചെയ്യുന്നതിന് കമ്പനി ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

(സി) KSIE-യുടെ സ്റ്റാഫ്പാറ്റേൺ നിശ്ചയിക്കുന്നതിനായുള്ള ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly